"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- 2023-24 സാമ്പത്തിക വർഷത്തെ 4-ാമത് വകുപ്പ തല വർക്കിംഗ് ഗ്രൂപ്പ് യോഗം- സാമൂഹ്യനീതി വകുപ്പിന്റെ കീഴ് കാര്യാലയങ്ങളിൽ ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, സ്കാനർ, പ്രിൻറർ, ഫോട്ടോകോപ്പിയർ, UPS എന്നിവ വാങ്ങുന്നതിന് 2023-24 സാമ്പത്തിക വർഷത്തെ 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി(എ) വകുപ്പ്**

സ.ഉ.(സാധാ) നം.11/2024/SJD തീയതി,തിരുവനന്തപുരം, 09-01-2024

---

പരാമർശം:- 1. 08.12.2023 ലെ എസ് ജെ ഡി /1795/2022-എഫ് 2 നം. കത്ത്

2. 12.12.2023 ൽ കൂടിയ വകുപ്പ് തല വർക്കംഗ് ഗ്രൂപ്പ് യോഗം

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിന് കീഴിലെ കാര്യാലയങ്ങളിൽ ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, സ്കാനർ, പ്രിൻറർ, ഫോട്ടോകോപ്പിയർ, UPS എന്നിവ വാങ്ങുന്നതിന് കേരള ഐ ടി മിഷന്റെ സഹായത്തോടെ GAP അനാലിസിസ് നടത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കീഴ് കാര്യാലയങ്ങളിൽ നിന്നും ശേഖരിച്ച ആവശ്യകതാ റിപ്പോർട്ടിൻ പ്രകാരം പ്രസ്തുത ഉപകരണങ്ങൾ അനുവദിച്ച് നല്കേണ്ടതുണ്ടെന്നും ആയതിന് വേണ്ടി ഐ ടി മിഷൻ , പിബ്ലിയു ഡി ഇലക്ട്രോണിക്സ് വിഭാഗം, ഗവ.എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽനിന്നുള്ള സാങ്കേതിക വിദഗ്ധർ ഉൾപ്പെട്ട ടെക്കനിക്കൽ കമ്മിറ്റി 06.12.2023 ൽ ചേരുകയും സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും ആകെ 70,75,420/- രൂപ ചെലവ് വരുമെന്നും, പ്രസ്തുത തുക 2023-2024 സാമ്പത്തിക വർഷത്തെ 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്നുമാവശ്യപ്പെട്ട് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിക്കുകയും പരാമർശം (2) പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ 4-ാമത് വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാന പ്രകാരം ഭരണാനുമതി നല്കാവുന്നതാണെന്ന് ശുപാർശ ചെയ്യുകയുമുണ്ടായി.

3. 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി യാതൊരുവിധ തുകയും പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഭരണ സംവിധാനം മെച്ചപ്പെടുത്തലും, കാര്യക്ഷമതാ പരിപോഷണവും എന്ന

പദ്ധതിയ്ക്കായി 6,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ പ്രസ്തുത ശീർഷകത്തിൽ നിലവിൽ 3,03,42,952/- രൂപ നീക്കിയിരുപ്പുണ്ട്. കൂടാതെ 2023-24 സാമ്പത്തിക വർഷത്തെ പ്ലാൻ റൈറ്റ്-അപ് പരിശോധിച്ചതിൽ ക്രമ നമ്പർ 9.12.(3)-ായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഭരണ സംവിധാനം മെച്ചപ്പെടുത്തലും, കാര്യക്ഷമതാ പരിപോഷണവും എന്ന പദ്ധതിയ്ക്കായി 6,00,00,000/- രൂപ പരാമർശിച്ചിട്ടുള്ളതും പ്രസ്തുത പദ്ധതിയിൻ കീഴിൽ, "ഡയറക്ടറേറ്റ്, സബ് ഓഫീസുകൾ, ക്ഷേമ സ്ഥാപനങ്ങൾ എന്നിവയുടെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ, ഇ-ക്ഷേമ, സുനീതിവെബ് പോർട്ടൽ എന്നിവയും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സാമൂഹിക സേവന പദ്ധതികൾ നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ പ്ലാറ്റ്‌ഫോം വികസിപ്പിക്കുക." എന്ന ഉപ-പദ്ധതിയായി ഉൾപ്പെട്ടിട്ടുമുണ്ട്.

4. ഈ സാഹചര്യത്തിൽ, സാമൂഹ്യനീതി വകുപ്പിന്റെ കീഴ് കാര്യാലയങ്ങളിൽ ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, സ്കാനർ, പ്രിൻറർ, ഫോട്ടോകോപ്പിയർ, UPS എന്നിവ വാങ്ങുന്നതിന് 2023-24 സാമ്പത്തിക വർഷത്തെ 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും GeM Portal മുഖേന മാത്രം procurement നടത്തണമെന്ന നിബന്ധനയോടെ 70,75,420/- രൂപ (എഴുപത് ലക്ഷത്തി എഴുപത്തയ്യായിരത്തി നാന്നൂറ്റി ഇരുപത് രൂപ മാത്രം) ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Remya Kumari L
Date: 09-01-2024 14:07:20
സെക്ഷൻ ഓഫീസർ

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/(എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്)
ഡയറക്ടർ, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഇൻഫർേമഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം,
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്